പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1595 11.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.റ്റി.സി.ബസ്സുകളിൽ സുരക്ഷിത യാത്ര**

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എതെങ്കിലും കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സ്ഥാപിച്ചിട്ടില്ലാത്തത് മൂലമുള്ള അപകടങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | എല്ലാ കെ.എസ്.ആർ.ടി.സി ബസുകളിലും മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന തരത്തിലുള്ള അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് സ്ഥാപിച്ചിട്ടില്ലാത്തത് മൂലമുള്ള അപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത ബസ്സുകളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര തുകയാണ് ഈയിനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്; | (ബി) | എല്ലാ കെ.എസ്.ആർ.ടി.സി ബസുകളിലും മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന പ്രകാരം അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമാണ്. ആയത് സ്ഥാപിച്ചിട്ടുണ്ട്. ഒരു ബസിൽ അഗ്നിശമന ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് ശരാശരി 2584/- രൂപ പ്രാരംഭ ചിലവ് വരുന്നുണ്ട്. |
| (സി) | സുരക്ഷിതമായ യാത്ര യാത്രക്കാർക്ക് പ്രദാനം ചെയ്യുന്നതിന് കെ.എസ്.ആർ.റ്റി.സി. മറ്റെന്തെങ്കിലും പരിഷ്കരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം? | (സി) | കേന്ദ്ര-സംസ്ഥാന മോട്ടോർ വാഹന നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമാണ് കെ.എസ്.ആർ.ടി.സി .ബസുകളുടെ ബോഡി നിർമ്മിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി നിർമ്മിക്കുന്ന ബസുകൾക്ക് AIS 052 ബസ് ബോഡി കോഡു പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം അഗ്നി സുരക്ഷ (Fire retardant) നല്കുന്ന ഘടകങ്ങളും BIS അംഗീകരിച്ച സാധനങ്ങളും മാത്രമാണ് ബസ് നിർമ്മിക്കുവാൻ ഉപയോഗിക്കുന്നത്. കൂടാതെ, യാത്രക്കാർക്ക് സുരക്ഷിതയാത്ര പ്രദാനം ചെയ്യാൻ ഡ്രൈവർ നിയന്ത്രിത വാതിലുകളാണ് പുതിയ ബസുകളിൽ ഉപയോഗിച്ചിരിക്കുന്നത്. ബസുകളെ GPS സംവിധാനത്തിലൂടെ കേന്ദ്രീകൃതമായി ഏകോപിപ്പിക്കുന്ന സംവിധാനം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ